LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ച് വരികയാണ്. ഇതിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തി ലായിരിക്കും അന്തിമ വകയിരുത്തൽ നടത്തുന്നത്.

(ബി) ബാധകമല്ല.

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട്

77 (1817) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശകളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചുവരികയാണ്.

(ബി) ബാധകമല്ല.

റവന്യൂ റിക്കവറി വിഭാഗത്തിൽ പി.എസ്.സി. വഴി നിയമനം

78 (1818) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിലെ റവന്യൂ റിക്കവറി വിഭാഗത്തിൽ സർക്കാർ സർവ്വീസിൽ നിന്ന് പിരിഞ്ഞവരെയും 65 വയസ്സ് കഴിഞ്ഞവരെയും ഇടരാൻ അനുവദിക്കുന്നത് എന്തു മാനദണ്ഡത്തിലാണ്;

(ബി) റവന്യൂ വകുപ്പിൽ നിന്നും പെൻഷൻ പറ്റിയ ഒരു സംഘം വ്യക്തികൾ വർഷങ്ങളായി ജോലിചെയ്യുന്ന കെ.എസ്.എഫ്.ഇ. റവന്യൂ റിക്കവറി വിഭാഗത്തെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടും സർക്കാർ നടപടിയെടുക്കാത്ത തെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്താൻ നടപടിയെടുക്കുമോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ സർവീസിലെ (റവന്യൂ വകുപ്പ്) വില്ലേജ് ഓഫീസർ തസ്തികയിൽനിന്നും വിരമിച്ച വ്യക്തികളുടെ സേവനം കെ.എസ്.എഫ്.ഇ.യുടെ റവന്യൂ റിക്കവറി വിഭാഗത്തിൽ ഉപയോഗിച്ച് വരുന്നുണ്ട്. പ്രസ്തുത വ്യക്തികളുടെ ലാന്റ് സർവേയിലുള്ള പ്രാവീണ്യം ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയാണിത്.

(ബി) അത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചതായി കാണുന്നില്ല.

(സി) പി.എസ്.സി. വഴി നിയമനം നടത്തുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ചെലവ്

79 (1819) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പദ്ധതി ചെലവ് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ (2011-12 മുതൽ 2015-16 വരെ) എത്ര ശതമാനം വീതമായിരുന്നു; ഓരോ വർഷത്തേയ്ക്കും പദ്ധതി വിഹിതം എത്ര രൂപയായിരുന്നു; ചെലവ് എത്ര രൂപയായിരുന്നു; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ എത്ര ശതമാനമായിരുന്നു; ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വിശദമാക്കുമോ;

(സി) എസ്.സി., എസ്.ടി. വകുപ്പുകളുടെ കഴിഞ്ഞ അഞ്ച് വർഷത്തെ പദ്ധതി ചെലവ് എത്ര ശതമാനമായിരുന്നു; ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വിശദമാക്കുമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വാർഷിക പദ്ധതി ചെലവ് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ എത്ര ശതമാനമായിരുന്നു; ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

ഉത്തരം

(എ) (തുക കോടിയിൽ)

വർഷം	വകയിരുത്തിയത്	ചെലവഴിച്ചത്
2011-12	12010	11758.89(98%)